**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1657** **02-02-2024 - ൽ മറുപടിയ്ക്ക്**

**ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന മാരക രോഗങ്ങളെക്കുറിച്ചും ജൈവ ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കാർഷിക പാരിസ്ഥിതിക വ്യവസ്ഥയെ സുസ്ഥിരവും സജീവവുമാക്കി വിഷമുക്തമായ മണ്ണ്, ജലം, ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനായി കാർബൺ തുലിത കൃഷി നടപ്പിലാക്കിയും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 26.10.2023 ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയും ഇപ്പോൾ ജൈവ കാർഷിക മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്നു.<br><br>ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ജൈവ കൃഷി തോട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തൽ അംഗീകൃത ഏജൻസികൾ മുഖാന്തിരം (National Programme for Organic Production (NPOP) Certification)**<br><br>2023-24 സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് NPOP |

സർട്ടിഫിക്കേഷൻ. ആയതിനു പ്ലാൻ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തി കൊണ്ട് കുറഞ്ഞത് 650 കൃഷിയിടങ്ങൾക്കു NPOPസാക്ഷ്യപത്രം മൂന്ന് വർഷം കൊണ്ട് ലഭ്യമാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി APEDA അംഗീകരിച്ചിട്ടുള്ള രണ്ടു സർട്ടിഫിക്കേഷൻ ഏജൻസികളെ ഇ-ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

**2. ഉത്തമ കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്റർ രൂപീകരിക്കൽ**

പച്ചക്കറി കൃഷി സ്ഥിരമായി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് അവയെ ഉത്തമ കാർഷിക മുറകൾ പാലിച്ച് സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നവയാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിലേയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകൾ അനുവദിച്ചതിൽ നാളിതുവരെ 611 ക്ലസ്റ്ററുകൾ ഉത്തമ കാർഷിക മുറകൾ പാലിക്കുന്നവയാക്കി മാറ്റയിട്ടുണ്ട്. ക്ലസ്റ്ററൊന്നിന് Rs.10,000 രൂപ സബ്സിഡി നിരക്കിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3. ജൈവ വള ഉല്പാദനത്തിനുള്ള പ്രോത്സാഹനം**

a) പച്ചില വള വിത്തുകളുടെ വിതരണവും പച്ചില വളപ്രയോഗവും എന്ന പദ്ധതി ഘടകത്തിലൂടെ മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനായി പച്ചില വള വിത്തുകളുടെ വിതരണം നടത്തുന്നതിന് ₹3000 രൂപ നിരക്കിൽ 1000 ഹെക്ടറിന് ₹30.00 ലക്ഷം രൂപ വകയിരുത്തി. ഡയ്ഞ്ച, ചണമ്പ്, കില്യക്കി മുതലായ പയറുവർഗ്ഗ പച്ചില വള വിത്തുകൾ 1000 ഹെക്ടർ സ്ഥലത്ത് വിതക്കുകയും ചെയ്തു.

b) ജൈവ വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി പ്രതിവർഷം 2-5 ടൺ വരെ ഉത്പാദന ക്ഷമതയുള്ള 46 യൂണിറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

**4. സംസ്ഥാന കൃഷി വകുപ്പ് സ്ഥാപനമായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ -** കേരള (വി.എഫ്.പി.സി.കെ) മുഖാന്തരം സ്വയംസഹായ സംഘങ്ങൾക്ക് ജൈവ പഴം, പച്ചക്കറി കൃഷിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **5** ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിനുള്ള അധിക ധനസഹായത്തിനായി 72 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം പദ്ധതി) നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർച്ചയായ മൂന്ന് വർഷങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ മീറ്റിങ്ങുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടി, കിസാൻ മേളകൾ, ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനും ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ (FIG) ക്കുള്ള ആനുകൂല്യം, തദ്ദേശീയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃക കൃഷി തോട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.65 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.02 ലക്ഷം രൂപ പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി ആദ്യ വർഷം 4349.28 ലക്ഷം രൂപയും രണ്ടാം വർഷത്തെ ആദ്യ ഗഡുവായി 731.89 ലക്ഷം രൂപയും ലഭിക്കുകയും ആയതിൽ 92% രൂപ ചെലവഴിക്കുകയും ചെയ്തു. |
| (ബി) | വകുപ്പ് തലത്തിലും മറ്റിതര ഏജൻസികൾ വഴിയും ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ലഭ്യമായ ഉൽപ്പന്നങ്ങൾ<br>വിപണിയിലെത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | വകുപ്പ് തലത്തിലും മറ്റിതര ഏജൻസികൾ വഴിയും ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ലഭ്യമായ ഉൽപ്പന്നങ്ങൾ<br>വിപണിയിലെത്തിക്കുന്നതിനും ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള 286 ഇക്കോഷോപ്പുകൾ മുഖാന്തിരം പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ ജൈവ / സുരക്ഷിത ഭക്ഷണം നിലവാരത്തിലുള്ള കാർഷിക ഉല്പ്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | • വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള 63 തളിർ ഗ്രീൻ ഔട്ട്-ലെറ്റുകൾ 47 സസ്യ ചില്ലറ വിൽപ്പന ശാലകൾ ഓണം ഉത്സവ സീസണിൽ നടപ്പിലാക്കിയ 160 ഓണം ഔട്ട് ലെറ്റുകൾ എന്നിവയിലൂടെ ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് കർഷകർ/ കർഷക സംഘങ്ങൾ ഉദ്പ്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ മുഖേന വിതരണം ചെയ്ത് വരുന്നു.<br><br>ജൈവ ഉൽപ്പന്നങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് പ്രീമിയം സ്റ്റാളുകൾ ആരംഭിക്കുന്ന നടപടി സ്വീകരിക്കുകയും ആയതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രീമിയം സ്റ്റാളുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 1000-ൽ പരം ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഹരിതനഗര പദ്ധതിയുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ? | (സി) | ഹരിതനഗരം പദ്ധതി 2020-21, 2021-22, 2022-23 വർഷങ്ങളിൽ വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർവഹണം കൃഷി ഭവൻ തലത്തിൽ കൃഷി അസിസ്റ്റന്റുമാർ, കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ ചേർന്ന് നടത്തിയിരുന്നു. വിവിധ തലങ്ങളിലുള്ള കൃഷി വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിങ് സമിതികളും പദ്ധതി മോണിറ്റർ ചെയ്തിരുന്നു. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഏകോപിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നിലവിൽ തുടർന്ന് വരുന്നില്ല. |

സെക്ഷൻ ഓഫീസർ